# പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1344

13 /12/2012 ൽ
മറുപടിക്ക്

## സ്പെഷ്യൽ സ്കൂളിന് റേഷൻ അനുവദിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | | **ശ്രീ. അനൂപ് ജേക്കബ്.**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ അംഗീകാരമുള്ള സ്പെഷ്യൽ സ്കൂളിന് സബ്സിഡി നിരക്കിൽ റേഷൻ അനുവദിക്കുന്നതിനുള്ള നടപടി ക്രമം വ്യക്തമാക്കുമോ; | എ) | സ്പെഷ്യൽ സ്കൂളുകൾക്ക് സബ്സിഡി നിരക്കിൽ റേഷൻ സാധനങ്ങൾ നിലവിൽ അനുവദിക്കുന്നില്ല. |
| ബി) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഫാദർ, ടെസ്സാ സ്പെഷ്യൽ സ്കൂളിന് റേഷൻ അനുവദിക്കണെമെന്നാവശ്യപ്പെട്ടു കൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഫാദർ, ടെസ്സാ സ്പെഷ്യൽ സ്കൂളിന് റേഷൻ പെർമിറ്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫാദർ, ടെസ്സാ സ്പെഷ്യൽ സ്കൂൾ ഡയറക്ടർ 24/09/2012 -ൽ ബഹുമാനപ്പെട്ട എം.വി.ശ്രേയാംസ് കുമാർ എം.എൽ.എ.ക്ക് സമർപ്പിച്ച നിവേദനം സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | സി) | പ്രസ്തുത നിവേദനത്തിന്മേൽ ടി സ്ഥാപനത്തിന് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുണ്ടോ എന്ന് പരിശോധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ നിവേദനത്തിന്റെ പകർപ്പ് വയനാട് ജില്ലാ സപ്ലൈ ഓഫീസർക്ക് 21/11/12 ൽ സിവിൽ സപ്ലൈസ് ഡയറക്ടർ അയച്ചു കൊടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത സ്കൂളിന്റെ ആവശ്യം കണക്കിലെടുത്ത് അവിടത്തെ കുട്ടികൾക്ക് റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | സംസ്ഥാനത്തെ അനാഥാലയങ്ങൾ വൃദ്ധ സദനങ്ങൾ വികലാംഗസ്ഥാപനങ്ങൾ തുടങ്ങി ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തു വരുന്ന ക്ഷേമസ്ഥാപനങ്ങളിലെയും സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലെയും അന്തേവാസികൾക്കാണ് നിലവിൽ അരി, പഞ്ചസാര, ഗോതമ്പ് എന്നിവ 05/09/2012 ലെ സ.ഉ.കൈ നമ്പർ 24/12/ഭ.പൊ.വി.വ. ഉത്തരവു പ്രകാരം അനുവദിക്കുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

സംഗ്രഹം

കേരള സർക്കാർ
സംഗ്രഹം

ഭക്ഷ്യ പൊതു വിതരണ വകുപ്പ് - സംസ്ഥാനത്തെ ക്ഷേമസ്ഥാപനങ്ങൾക്ക് അരി, പഞ്ചസാര, ഗോതമ്പ് എന്നിവ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

ഭക്ഷ്യ, പൊതുവിതരണ (ഡി) വകുപ്പ്

സ.ഉ. (കൈ) നം. 24/2012/ഭ.പൊ.വി.വ. തിരുവനന്തപുരം, തീയതി. 05/09/2012

---

പരാമർശം : 16/09/2011 ലെ സ.ഉ. (കൈ) 37/2011/ഭ.പൊ.വി.വ.

## ഉത്തരവ്

സംസ്ഥാനത്തെ അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, വികലാംഗ സ്ഥാപനങ്ങൾ തുടങ്ങി ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തു വരുന്ന ക്ഷേമ സ്ഥാപനങ്ങളിലെയും സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലെയും അന്തേവാസികൾക്ക് പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായി എല്ലാ മാസവും ഓരോ അന്തേവാസിയ്ക്കും 1/-രൂപാ നിരക്കിൽ 7 കിലോഗ്രാം അരിയും (ആയതിൽ സ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ 25% വരെ പച്ചരി) ബി.പി.എൽ. കാർഡുടമകൾക്ക് നൽകുന്നതുപോലെ പഞ്ചസാരയും, ബി.പി.എൽ. നിരക്കിൽ 3 കിലോഗ്രാം ഗോതമ്പും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. ടി ക്ഷേമ സ്ഥാപനങ്ങൾക്ക് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാര സർട്ടിഫിക്കറ്റിന്റെയും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ അംഗീകരിച്ചു നൽകുന്ന ലിസ്റ്റിന്റെയും അടിസ്ഥാനത്തിൽ 4 വർഷത്തേക്ക് പെർമിറ്റ് ജില്ലാ സപ്ലൈ ഓഫീസർമാർ നൽകേണ്ടതാണ്. മേൽ പരാമർശം പ്രകാരമുളള ഉത്തരവ് ഇതിനാൽ ഭേദഗതി ചെയ്യപ്പെടുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

റ്റി.എസ്.ജയശ്രീ.
ഡെപ്യൂട്ടി സെക്രട്ടറി

സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം.
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം.

Section Officer